**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1299** **05/03/2020 ൽ മറുപടിക്ക്**

**കശുവണ്ടി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ് പി. | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കശുവണ്ടി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനും കാഷ്യൂ ബോർഡ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനുള്ള സംസ്ഥാന സർക്കാർ നടപടികളുടെ ഭാഗമായി രൂപീകരിക്കപ്പെട്ട കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് മറ്റു കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് കേരള കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കുന്നതിനാണ് നിലവിൽ ഊന്നൽ നൽകുന്നത്. കശുവണ്ടി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനും വേണ്ടി മറ്റൊരു ഏജൻസി (Kerala State Agency for the Expansion of Cashew Cultivation) പ്രവർത്തിച്ചു വരുന്നതിനാൽ പ്രസ്തുത വിഷയത്തിൽ കേരള കാഷ്യൂ ബോർഡ് നിലവിൽ മറ്റ് നടപടികൾ ഒന്നും തന്നെ സ്വീകരിക്കുന്നില്ല. |
| (ബി) | കഴിഞ്ഞ പത്ത് വർഷത്തിനിടെ പല കശുവണ്ടിത്തോട്ടങ്ങളും റബ്ബർ തോട്ടങ്ങളായി പരിണമിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വീട്ടുവളപ്പിൽ കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | വീട്ടുവളപ്പിൽ കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുറ്റത്തൊരു കശുമാവ് എന്ന പദ്ധതിയിലൂടെ അത്യുല്പാദനശഷിയുള്ള അധികം ഉയരം വയ്ക്കാത്ത, വളർന്ന് പന്തലിക്കാത്ത കശുമാവ് ഗ്രാഫ്റ്റുകൾ വിതരണം നടത്തി പ്രോൽസാഹിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ